(13) ഇടമലയാർ ഡാം ചോർച്ച

ശ്രീ. ഇ. കെ. നായനാർ : ഇവിടെ കളവിനെ സംബന്ധിച്ചാണ് സബ് മിഷൻസ് പലതും വന്നത്. ഒന്ന് ഡൽഹിയിലാണ്. നമ്മുടെ സുഹൃത്ത് ഇവിടെ പരാമർശിച്ചതുപോലെ കേരളാ ഹൗസിൽനിന്ന് പലതും കളവ് പോയി. ഇപ്പോഴും ഇടമലയാറിൽ പരിശോധിക്കുന്നതിനുവേണ്ടി എടുത്തു വച്ചിരുന്ന പാറക്ഷണം കളവ് പോയത് കേന്ദ്ര വിദഗ്ദ്ധൻമാർ വന്നു പരിശോധിക്കേണ്ടതാണ്. അവർ വന്നു. ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇവിടെ പറഞ്ഞിരുന്നു വന്നാൽ ഞങ്ങൾ റിപ്പോർട്ട് തരാം എന്ന്. അപ്പോഴേക്കും അസംബ്ലി പിരിയും. അതിനു മുമ്പായി ഈ പാറക്ഷണങ്ങൾ വിദഗ്ദ്ധ പരിശോധന നടത്തിയാണ് കോൺട്രാക്ടിനേറയും മറ്റ് നിർമ്മാണവസ്തുക്കളുടേയും അനുപാതം നിശ്ചയിക്കുന്നത്. പക്ഷേ ഈ പാറാക്ഷണം ഇപ്പോൾ കാണുന്നില്ല. കേന്ദ്രം വരുമ്പോൾ പാറയില്ല, പാറയുള്ളപ്പോൾ കേന്ദ്രമില്ല, ഇപ്പോൾ എന്തു ചെയ്യും ? എങ്ങനെ നിശ്ചയിക്കും ? ഇതാണ് ഇപ്പോഴത്തെ സ്ഥിതി.

സ്പീക്കർ : അത് ഒരു കുഴഞ്ഞ പ്രശ്നം തന്നെയാണ്.

ശ്രീ. ഇ. കെ. നായനാർ : ഇപ്പോൾ ഇവിടെ മൈഡിയർ കുട്ടിച്ചാത്തൻ വന്നോ ? അത് കട്ടതാരാണ് ? ഇത് ഗുരുതരമായി എടുക്കണമെന്ന് ഞങ്ങൾ ഉന്നയിക്കാൻ കാരണം ടണലിന്റെ ചോർച്ച ഒച്ചപ്പാടായതോടെയാണ്. കോതമംഗലത്തെ പ്രോജക്ട് ഗവേഷണ വിഭാഗത്തിനിൽനിന്ന് പാറക്ഷണങ്ങൾ അപ്രത്യക്ഷമായിയെന്ന് അറിയുന്നു. ശനിയാഴ്ച തലസ്ഥാനത്തെത്തിയ കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ പ്രതിനിധികൾ ഈ പാറക്ഷണങ്ങളുടെ സാമ്പിളുകൾ ആവശ്യപ്പെട്ടപ്പോൾ അത് കാണാനില്ലായെന്നാണ് ബോർഡ് അധികൃതർ മറുപടി നല്കിയത്. ബോർഡ് പറഞ്ഞത് കോതമംഗലത്താണ് എന്ന്, അവർ അങ്ങോട്ടു പോയി. അവിടേയും കാണുന്നില്ല, ബോർഡ് കേന്ദ്രത്തിൽ നിന്ന് വന്നവരോട് പാറ ചോദിച്ചു. പാറയാണ് മുമ്പ് എടുത്തുവച്ചത്. ഈ പാറ വഴി വെള്ളം ഒലിക്കുന്നു എന്നാണല്ലോ ശ്രീ. മാണി പറഞ്ഞത്. അപ്പോൾ പഴയ പാറ എടുത്തുവച്ചതാണവിടെ. ആ കഷണം കാണുന്നില്ല, കോൺട്രീറ്റിന്റെ അനുപാതത്തിൽ വരുത്തിയ കുറവും ഈ വിദഗ്ദ്ധപരിശോധനാ റിപ്പോർട്ടിനെ മറികടന്നായിരുന്നു എന്നുള്ളതോടെ ബലപ്പെടുന്നു. സാമ്പിളുകൾ ആവശ്യപ്പെട്ടപ്പോൾ ഇലക്ട്രിസിറ്റി ബോർഡ് നൽകാത്തത് വളരെ ഗുരുതരമായി ഞങ്ങൾ ഉന്നയിച്ച ആരോപണത്തിന് സ്ഥിരീകരണം നല്കുകതന്നെയാണ്. കളവും വഞ്ചനയും വെട്ടിപ്പും തട്ടിപ്പും കൊള്ളയും ഇവിടെ നടന്നിട്ടുണ്ട് എന്നുള്ളത് സ്ഥിരീകരിച്ചിരിക്കുകയാണിപ്പോൾ. ഇതിന് ഒരു ജുഡീഷ്യൽ എൻക്വയറി വേണമെന്ന് ഞങ്ങൾ അന്ന് ഉന്നയിച്ചതിന് വളരെ ബലവത്തായിട്ടുള്ള തെളിവാണിത്. പഴയ പാറയില്ല ; അത് കോതമംഗത്തുനിന്ന് എങ്ങോട്ടോ പോയി ? ഇനി ഇപ്പോൾ എന്ത് ചെയ്യാനാണ് ? ഇതേക്കുറിച്ച് ശ്രീ. മാണിയോട് പറഞ്ഞിട്ട് കാര്യമില്ല. കാരണം ശ്രീ. മാണി പാലാക്കാരനാണ്. ബോർഡുകാരോട് കേന്ദ്ര വിദഗ്ദ്ധൻമാർ പാറയെപ്പറ്റി ചോദിച്ചു. അപ്പോൾ പറഞ്ഞു, പാറ കാണുന്നില്ല. വളരെ ഗുരുതരമായി ഞാൻ ഉന്നയിച്ച ആരോപണം സ്ഥിരീകരിച്ചിരിക്കുകയാണ്. ഇതിനെ സംബന്ധിച്ച് ജുഡീഷ്യൽ എൻക്വയറി വേണം, കേന്ദ്രത്തിൽ നിന്നുവന്നിട്ടുള്ള വിദഗ്ദ്ധൻമാർ എന്താണ് പറഞ്ഞിട്ടുള്ളത് എന്നും ഞങ്ങളോട് പറയണം.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

ഞാനും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും എത്ര വാദിച്ചാലും. അത് ഒരു സാങ്കേതിക അഭിപ്രായമാകുകയില്ല. സാങ്കേതിക വിദഗ്ദ്ധൻമാർ ഇന്നലെ ഇടമലയാറിൽ വന്നിട്ടുണ്ട്. ഇന്നലെ അവർ പരിശോധന ആരംഭിച്ചിട്ടുമുണ്ട്. അതിന്റെ റിപ്പോർട്ട് ഏതാനും ദിവസങ്ങൾക്കകം കിട്ടും. അത് കൂടാതെ റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി അവർ ഗവൺമെൻറിനെ വന്നു കാണുന്നുമുണ്ട്. ഇലക്ട്രിസിറ്റി ബോർഡിനു റിപ്പോർട്ട് കൊടുക്കും. അതു കിട്ടിക്കഴിയുമ്പോൾ ആ റിപ്പോർട്ടിനകത്ത് അവർ എന്തെങ്കിലും ഒരു നിഗമനത്തിൽ എത്തും. ആ നിഗമനത്തിലെത്തുന്നതിന് അവർ ആശ്രയിക്കുന്ന തെളിവുകളെ പറ്റിയും അവർ പരാമർശിക്കും. തെളിവുകൾ ഉണ്ടെങ്കിൽ ഉണ്ട്, ഇല്ലെങ്കിൽ ഇല്ല, എന്തുകൊണ്ട് ഇല്ല ഇങ്ങനെയൊക്കെയുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം പാറയുമൊക്കെ അന്നേരമാണ് പ്രസക്തമാകുന്നത്. എനിക്ക് ഈ പാറയുടെ കാര്യങ്ങൾ അറിഞ്ഞുകൂടാ. ഏതായാലും ആ റിപ്പോർട്ടിനകത്ത് ആശ്രയിക്കുന്ന തെളിവുകളും അതിനെ സംബന്ധിച്ചിടത്തോളമുള്ള നിജസ്ഥിതികളും എല്ലാം പരാമർശിക്കുന്നതുകൊണ്ട് ആ റിപ്പോർട്ട് കിട്ടിയതിനു ശേഷം ഇതിനെപ്പറ്റി ഒരു തീരുമാനമാകാം. ഒരു കാര്യം ഇതു സംബന്ധിച്ച് ഞാൻ പറയാം, ഇതിനകത്ത് മറച്ചു വക്കാനൊന്നുമില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനേയും പ്രതിപക്ഷാംഗങ്ങളുടേയും ആയ ഒരു ലറ്റർ എനിക്ക് കിട്ടി. ഞങ്ങൾ ഒന്നും രണ്ടും തീയതികളിൽ ഇടമലയാർ സന്ദർശിക്കുന്നു. ഞാൻ ഉടനേ ഓർഡർ ഇട്ടു, ചെല്ലുമ്പോൾ അവർക്ക് എല്ലാ വിധത്തിലുമുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കണം എന്ന്, നിങ്ങൾ പോകണം, കാണണം, നേരിട്ട് കാണണം. ഇവിടെയിരുന്ന് പത്ര റിപ്പോർട്ടുകൾ മാത്രം വച്ചുകൊണ്ട് നിയമസഭയിൽ പ്രസംഗിക്കാതെ നേരിട്ട് കണ്ട് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് ഒരു നിഗമനത്തിലേക്ക് കടക്കാം. റിപ്പോർട്ട് വരട്ടേ; വിദഗ്ദ്ധാഭിപ്രായം വരട്ടേ. നാം ഈ പാറയെ ചുറ്റിപ്പറ്റി നടക്കേണ്ട, അവിടെ നാം വഴുതി വീഴുകയും വേണ്ട. നമുക്കു ഇതിന്റെ യഥാർത്ഥമായ നിജസ്ഥിതിയെന്തെന്ന് റിപ്പോർട്ടു വന്നിട്ട് ഗവൺമെൻറ് അതിൻമേൽ ഉത്തമമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ് എന്ന് ഞാൻ പല തവണ ഇവിടെ വിശദമാക്കിയിട്ടുണ്ട്.

IV മേശപ്പുറത്ത് വച്ച കടലാസുകൾ

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : സർ, ഞാൻ കേരളാ ആട്ടോമൊബൈൽസ് ക്ലിപ്തത്തിന്റെ 1983-84-ലേക്കുള്ള ആറാമത് റിപ്പോർട്ട് റിവ്യൂ സഹിതം മേശപ്പുറത്ത് വയ്ക്കുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ഞാൻ താഴെ പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

(1) 1985 ജൂൺ 4-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 64/85/ധന. ഡി. (എസ്. ആർ. ഒ. നമ്പർ 831/85).

(2) കേരള ഗവൺമെൻറിന്റെ 1983-84-ലെ ധനകാര്യക്കണക്ക്

(3) കേരളാ ഗവൺമെൻറിന്റെ 1983-84-ലെ ധനവിനിയോഗക്കണക്ക്

(4) 1983-84-ലെ കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ ഓഫ്, ഇൻഡ്യയുടെ കേരള ഗവൺമെൻറിനെ സംബന്ധിക്കുന്ന റിപ്പോർട്ട് (സിവിൽ)

LIBRARY ARCHIVES Kerala Legislative Assembly